**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1348** **08-12-2022 - ൽ മറുപടിയ്ക്ക്**

**കുന്നത്തുനാട് മണ്ഡലത്തിലെ റോഡുകളുടെ നവീകരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.വി. ശ്രീനിജിൻ | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | കുന്നത്തുനാട് മണ്ഡലത്തിലെ മോറക്കാല-താളിക്കല്ല് റോഡ്, മംഗലത്തുനട- പ്ലാവിൻചുവട് റോഡ് എന്നിവ ബി.എം.&ബി.സി. നിലവാരത്തിൽ നവീകരിക്കുന്നതിനായി സമർപ്പിച്ച നിവേദനത്തിന്മേൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ; | (എ) | മോറയ്ക്കാല – താളിക്കല്ല് റോഡ് പൊതുമരാമത്ത് വകുപ്പ് റോഡായ മനയ്ക്കക്കടവ് -മോറയ്ക്കാല റോഡിന്റെ 1/900 കിലോമീറ്ററായ വെസ്റ്റ് മോറയ്ക്കാലയിൽ നിന്നും തുടങ്ങി മഞ്ചേരിക്കുഴി പാലത്തിലേക്ക് 900 മീറ്റർ വരുന്നതും, നിലവിൽ കുന്നത്തുനാട് ഗ്രാമപഞ്ചായത്തിന്റെ അധീനതയിൽ ഉള്ളതും ആകുന്നു. മഞ്ചേരിക്കുഴിപാലം കുന്നത്തുനാട് നിയോജകമണ്ഡലത്തേയും, തൃക്കാക്കര മണ്ഡലത്തേയും ബന്ധിപ്പിക്കുന്നതും, ഇൻഫോപാർക്ക് കാക്കനാട് മുതലായ സ്ഥലങ്ങളിലേക്ക് എത്തിച്ചേരുന്നതിനും, മഞ്ചേരിക്കുഴി പാലത്തിലേക്കുള്ള അനുബന്ധ റോഡ് വികസിക്കേണ്ടതായിട്ടുണ്ട്. ബഹു.കുന്നത്തുനാട് എം.എൽ.എ.യുടേയും, ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടേയും ആവശ്യപ്രകാരം ഈ റോഡ് ബന്ധപ്പെട്ട ഉദ്യോഗസ്ഥർ സന്ദർശിക്കുകയും, നിലവിൽ 20 എം.എം. ചിപ്പിങ്ങ് കാർപ്പറ്റ് രീതിയിൽ ചെയ്തിരിക്കുന്ന ഈ റോഡ് പി.ഡബ്ല്യു.ഡി. നിലവാരത്തിൽ വീതി കൂട്ടി ബി.എം. & ബി.സി. ചെയ്യുന്നതിന് 2.25 കോടി രൂപയ്ക്ക് എസ്റ്റിമേറ്റ് തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്.<br><br>ബഹു.കുന്നത്തുനാട് എം.എൽ.എ. യുടെ നിർദ്ദേശപ്രകാരം പ്രകാരം മംഗലത്തുനട പ്ലാവിൻചുവട് റോഡ് സന്ദർശിച്ച് ടി റോഡ് ബി.എം.ബി.സി. നിലവാരത്തിൽ നവീകരിക്കുന്നതിനുള്ള എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

| | | | |
|---|---|---|---|
| | | | |
| (ബി) | പ്രസ്തുത റോഡുകൾ നവീകരിക്കുന്നതിനായി അടിയന്തര നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ? | (ബി) | പ്രവൃത്തികൾക്കുള്ള പ്രൊപ്പോസൽ ലഭ്യമാകുന്ന മുറയ്ക്ക് ഫണ്ടിന്റെ ലഭ്യത കൂടി പരിശോധിച്ച് ഭരണാനുമതി നൽകുന്നതിനുള്ള തുടർനടപടികൾ സ്വീകരിക്കുവാൻ കഴിയും. |

സെക്ഷൻ ഓഫീസർ